(ഇ)&(എഫ്) ഇക്കാര്യത്തിൽ പ്രത്യേകമായ പരിശോധന നടത്തിയിട്ടില്ല. ആവശ്യമായ സന്ദർഭങ്ങളിൽ മാനേജ്മെന്റിന് നിർദ്ദേശങ്ങൾ നൽകാൻ സർക്കാർ ശ്രദ്ധിക്കാറുണ്ട്.

33 (589) ഇടുക്കി ജില്ലയിലെ വ്യവസായ വികസനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ വ്യവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ വനോൽപ്പന്നങ്ങളേയും കാർഷികോൽപ്പന്നങ്ങളേയും അസംസ്കൃത വസ്തുക്കളാക്കി ആരംഭിക്കാവുന്ന വ്യവസായങ്ങൾ തുടങ്ങാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) പ്രസ്തുത വ്യവസായങ്ങൾ തുടങ്ങാൻ സ്വകാര്യ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങൾ സർക്കാർ നൽകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ 750 ഏക്കർ സ്ഥലത്ത് പരിസ്ഥിതിക്ക് അനുയോജ്യമായി കിൻഫ്രയുടെ ഒരു ഹെർബൽ പാർക്ക് സ്ഥാപിക്കാനുള്ള പ്രാരംഭ പഠനം നടത്തി വരുന്നു.

(ബി) സാധാരണ വ്യവസായങ്ങൾക്കുള്ള മുഴുവൻ ആനുകൂല്യങ്ങൾക്കു പുറമേ പിന്നോക്ക ജില്ല എന്ന നിലയിൽ ഇവിടെ തുടങ്ങുന്ന വ്യവസായങ്ങൾക്ക് 25% മൂലധന സബ്സിഡി നൽകുന്നതാണ് എന്ന് വ്യവസായ നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

34 (590) ഓടുനിർമ്മാണ വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. വി.സി. കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മിതിയിലുണ്ടായിട്ടുള്ള മാറ്റത്തെത്തുടർന്ന് ഓടിന്റെ ആവശ്യകത കുറഞ്ഞും ഓടുകമ്പനികൾ പൂട്ടപ്പെടുന്നതായും നഷ്ടത്തിൽ പ്രവർത്തിക്കുന്നതായും സർക്കാരിനറിവുണ്ടോ;

(ബി) ഓട് നിർമ്മാണ വ്യവസായശാലകൾക്ക് ധനസഹായം നൽകാനും പൂട്ടിപ്പോയവ മറ്റ് വ്യവസായങ്ങളാക്കി മാറ്റാനുമുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(സി) സംസ്ഥാനത്തെ ഓടുവ്യവസായ സ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവിഷ്കരിച്ചുകഴിഞ്ഞു. ആധുനികവൽക്കരണവും, വൈവിദ്ധ്യവൽക്കരണവുമാണ് ഉദ്ദേശിക്കുന്നത്.

(സി) താഴെകൊടുത്തിരിക്കുന്ന ജില്ലകളിലാണ് ഓടുവ്യവസായം കേന്ദ്രീകരിച്ചിരിക്കുന്നത്. ജില്ലതിരിച്ചുള്ള കണക്ക് താഴെകൊടുക്കുന്നു.

1.	കൊല്ലം -	6
2.	എറണാകുളം-	7

LIBRARY ARCHIVES Kerala Legislative Assembly